## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 7137

11.07.2014 ൽ
മറുപടിക്ക്

# ചെറുതുരുത്തിയിൽ തടയണ നിർമ്മാണം.

ചോദ്യം
ശ്രീ.കെ.രാധാകൃഷ്ണൻ :

ഉത്തരം
ശ്രീ . അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ചേലക്കര നിയോജക മണ്ഡലത്തിൽ ചെറുതുരുത്തിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച തടയണയുടെ പ്രവൃത്തി ആരംഭിച്ചതെന്നാണെന്നും എസ്റ്റിമേറ്റ് തുക എത്രയായിരുന്നുവെന്നും ഇതേവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും പറയാമോ ; | (എ) | ചേലക്കര നിയോജക മണ്ഡലത്തിലെ ചെറുതുരുത്തിയിൽ ഭാരതപ്പുഴയ്ക്ക് കുറുകെ റിവർ മാനേജ്മെന്റ് ഫണ്ട് ഉപയോഗിച്ച് നിർമ്മാണം ആരംഭിച്ച തടയണയുടെ പ്രവൃത്തി 20.11.2008 ന് ആരംഭിച്ചു 5 കോടി രൂപയ്ക്കാണ് ഭരണാനുമതി നൽകിയത്. ഇതേവരെ 2,79,89,700/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത തടയണയുടെ നിർമ്മാണം ഇപ്പോൾ നിറുത്തി വച്ചിരിക്കുന്ന വിവരം അറിയുമോ ; എങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ ; | (ബി) | സ്ഥലത്തിന്റെ ഘടനയ്ക്കനുസരിച്ച് പ്രവർത്തിയിൽ വ്യത്യാസം വരുത്തേണ്ടി വരികയും ഈ കാലയളവിൽ കരാറുകാരൻ മരണപ്പെടുകയും ഭരണാനുമതി ലഭിച്ച തുകയ്ക്ക് പ്രവൃത്തി പൂർത്തീകരിക്കുവാൻ കഴിയാതെ വരികയും ചെയ്ത സാഹചര്യത്തിലാണ് തടയണ നിർമ്മാണം തടസ്സപ്പെട്ടത്. |
| (സി) | തടയണ നിർമ്മാണം പുനരാരംഭിക്കുന്നത് സംബന്ധിച്ച് ബഹു.മന്ത്രിയുടെ സാന്നിധ്യത്തിൽ ഏറ്റവും ഒടുവിലായി നടന്ന ചർച്ചയുടെ തീരുമാനങ്ങൾ വെളിപ്പെടുത്താമോ ; | (സി) | പ്രസ്തുത യോഗത്തിൽ പദ്ധതിയുടെ ശേഷിക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്നതിന് ഇറിഗേഷൻ വകുപ്പിനോട് അഭ്യർത്ഥിക്കുവാൻ തീരുമാനിച്ചു ബന്ധപ്പെട്ട ഫയൽ ജലവിഭവ വകുപ്പിന് കൈമാറിയിട്ടുണ്ട്.. |
| (ഡി) | കുടിവെള്ള സ്രോതസ്സുകൾക്കും ജലസേചനത്തിനും ഏറ്റവും പ്രയോജനകരമായ ഈ തടയണ നിർമ്മാണം പുനരാരംഭിക്കുന്നതിനും പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരമുള്ള ഫണ്ട് അനുവദിക്കുന്നതിനും സമയബന്ധിതമായി നിർമ്മാണം പൂർത്തിയാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ? | (ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ